## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം


നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1189.

02-05-2017 ൽ മറുപടിയ്ക്ക്

## കൃഷിയോഗ്യമാക്കിയ തരിശുനിലവും റൈസ് ബയോപാർക്കും

**ചോദ്യം**
ശ്രീ.ആർ. രാജേഷ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ ആകെ നടന്ന കൃഷിയുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ; എത്ര ഹെക്ടർ സ്ഥലത്ത് കൃഷി നടക്കുന്നു; പുതിയതായി എത്ര ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കി; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ ആകെ നടന്ന നെൽ കൃഷിയുടെ വിശദമായ കണക്ക് ചുവടെ ചേർത്തുകൊള്ളുന്നു.<br>2016-2017 വർഷം 202524 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചുവെങ്കിലും 190906 ഹെക്ടർ ഭൗതികലക്ഷ്യം കൈവരിച്ചതായി കൃഷി വകുപ്പ് കണക്കാക്കി യിട്ടുണ്ട്.<br>വിശദവിവരം ചുവടെ ചേർത്തുകൊള്ളുന്നു.<br>**1.സുസ്ഥിര നെൽകൃഷി വികസനം-**<br>ഈ പദ്ധതി പ്രകാരം 169535.8 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി.<br>**2.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുളള പ്രോൽസാഹനം-**<br>888.57 ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുകയുണ്ടായി.<br>**3.കരനെൽകൃഷി വികസനം-**<br>കരനെൽകൃഷി 2743.2237 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുകയുണ്ടായി.<br>**4.തരിശുനിലങ്ങളിൽ നെൽകൃഷി**<br>ഈ പദ്ധതി പ്രകാരം 2372.2457 ഹെക്ടർ പ്രദേശത്ത് തരിശുനില നെൽകൃഷി ചെയ്യുകയുണ്ടായി.<br>**5.ഒരുപ്പ കൃഷി ഇരുപ്പ കൃഷി ആക്കുന്നതിലേയ്ക്കായി** 88.45 ഹെക്ടർ |

| | | | |
|---|---|---|---|
| | | | സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിനുംപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം ഏകദേശം 15278 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2017-2018 വർഷം 220000 ഹെക്ടർ നെൽകൃഷി നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് തരിശായി കിടന്ന കരനെൽകൃഷിയടക്കം 14130 ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി നടപ്പിലാക്കി. |
| (ബി) | ബജറ്റിൽ പ്രഖ്യാപിച്ച ആലപ്പുഴ ജില്ലയിലെ റൈസ് ബയോ പാർക്ക് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | 2016-2017 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് പ്രകാരം ജില്ലാ ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. അത് പ്രകാരം പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നെല്ലിനെ ആസ്പദമാക്കിയുള്ള അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. അഗ്രോപാർക്കിനുള്ള സ്ഥലം തെരെഞ്ഞെടുക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ